## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 903 10.02.2016-ൽ മറുപടിക്ക്**

### വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.കെ.എസ്.സലീഖ :** | **ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ. സർക്കാർ അധികാരമേൽക്കുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയായിരുന്നു ;ഇപ്പോൾ എത്രയാണ്; വ്യക്തമാക്കുമോ; | എ. സർക്കാർ അധികാരമേൽക്കുമ്പോൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം ഇനത്തിൽ 492.08 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു. 31.03.2015-ൽ ഈ ഇനത്തിൽ 744.67 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. |
| ബി. നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര/സംസ്ഥാന/അർദ്ധ/സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര കുടിശ്ശികയാണ് പ്രസ്തുത സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | ബി. വിവരം ശേഖരിച്ചു വരുന്നു. |
| സി. നിലവിൽ കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ; വിശദാംശം വ്യക്തമാക്കുമോ;പ്രതിമാസ ശരാശരി വരവ് ചെലവ് കണക്കുകൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | സി. നിലവിൽ കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധിയിലാണ്. താരിഫ് വർദ്ധനവിനു ശേഷവും റവന്യൂ കമ്മി പ്രതിമാസം 18.51 കോടി രൂപയാണ്. പ്രതിമാസ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ശമ്പളം | 25.67 കോടി രൂപ |
| പെൻഷൻ | 12.75 കോടി രൂപ |
| ഉദ്യോഗസ്ഥരുടെ | 4.12 കോടി രൂപ |

| | |
|---|---|
| ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയവ | |
| ഓഫീസ് ചെലവ് | 1.51 കോടി രൂപ |
| എച്ച്.ആർ.വേജസ് | 5.74 കോടി രൂപ |
| അറ്റകുറ്റപ്പണികൾ | 7.03 കോടി രൂപ |
| ലോണുകളുടെ തിരിച്ചടവ് | 2.00 കോടി രൂപ |
| പെൻഷൻ അനുകൂല്യങ്ങൾ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ കുടിശ്ശിക, ടെർമിനൽ സറണ്ടർ | 8.04 കോടി രൂപ |
| വൈദ്യുതി ചെലവ് | 19.50 കോടി രൂപ |
| **ആകെ** | **86.36 കോടി രൂപ** |
| വെള്ള ചാർജ്ജിനത്തിൽ വരവ് | 40.02 കോടി രൂപ |
| പദ്ധതിയേതര വിഹിതം | 20.43 കോടി രൂപ |
| മറ്റിനങ്ങൾ | 7.40 കോടി രൂപ |
| **ആകെ** | **67.85 കോടി രൂപ** |
| **റവന്യൂ കമ്മി** | **18.51 കോടി രൂപ** |

ഡി. വരവ്, ചെലവ് കണക്കുകൾ സംബന്ധിച്ച വ്യതിയാനം സംഭവിച്ചതിന്റെ കാരണവും, ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനും, കുടിശ്ശിക പിരിച്ചെടുക്കുവാനും, ഗാർഹിക വാട്ടർ ബില്ലിലെ വർദ്ധനവ് അതുവഴി ഒഴിവാക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഇ. കേരള വാട്ടർ

ഡി& ഇ കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത് 2008-ന് ശേഷം 2014-ൽ മാത്രമാണ്. 2014-ലെ വർദ്ധനവിനു മുമ്പ് ജല അതോറിറ്റിയുടെ പ്രതിമാസ റവന്യൂ കമ്മി 26.43 കോടി രൂപയായിരുന്നു. വർദ്ധനവ് മൂലം ഇത് ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിച്ചിരുന്നു എങ്കിലും ആദ്യത്തെ 15 കിലോലിറ്റർ വരെയുള്ള ഉപഭോക്താക്കൾക്ക് യാതൊരു വർദ്ധനവും വരുത്താത്തതും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് അനുവദിച്ചിരുന്ന സൗജന്യം 15 കിലോ ലിറ്റർ വരെയാക്കിയതും ഉദ്ദേശിച്ച റവന്യൂ

| | |
|---|---|
| അതോറിറ്റിയുടെ പ്രവർത്തനങ്ങളിലെ പാളിച്ചകൾ മൂലമാണ് വരവ് ചെലവ് കണക്കുകളിൽ വ്യതിയാനം വന്നതെന്നും ഇത് പരിശോധിച്ച് ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനും, കുടിശ്ശിക പിരിച്ചെടുക്കുവാനും, ഗാർഹിക വാട്ടർ ബില്ലിലെ വർദ്ധനവ് അതുവഴി ഒഴിവാക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ | വർദ്ധനവിൽ 82.15 കോടി രൂപയോളം കുറഞ്ഞു. ശമ്പള പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയതും ഡി.എ വർദ്ധനവും പദ്ധതികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകളിൽ വന്ന വർദ്ധനവ് റവന്യൂ വർദ്ധനവിന് ആനുപാതികമല്ലാതിരുന്നതും റവന്യൂ കമ്മി വർദ്ധിപ്പിച്ചു. ടി റവന്യൂ കമ്മി മൂലം കെ.എസ്.ഇ.ബി യ്ക്ക് മാസാമാസം അടയ്ക്കേണ്ടതായ വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കുവാൻ സാധിക്കാത്ത തിനാൽ വെള്ളക്കര വർദ്ധനവ് അനിവാര്യമായിരുന്നു.<br>ജല അതോറിറ്റിയുടെ മിക്കവാറും പദ്ധതികൾ എല്ലാം തന്നെ കാലപ്പഴക്കം ചെന്നതാണ്. ഈ പദ്ധതികളുടെ വിതരണ ശൃംഖലകളുടെ കാലപ്പഴക്കവും അടിക്കടി യുള്ള റോഡ് വികസനവും പൈപ്പ് പൊട്ടാൻ ഇടയാകുകയും ഇതുമൂലമുള്ള കുടിവെള്ള നഷ്ടത്താൽ വരുമാന നഷ്ടം സംഭവിക്കുന്നുമുണ്ട്. ജലചോർച്ച തടയുന്നതിനായി ഉപയോഗശൂന്യവും കാലപ്പഴക്കം ചെന്നതുമായ വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ജലചോർച്ച വഴിയുള്ള വരുമാന നഷ്ടം പരമാവധി കുറയ്ക്കുവാൻ സാധിക്കും. പിരിഞ്ഞുകിട്ടാനുള്ള യഥാർത്ഥ കുടിശ്ശിക പിരിച്ചെടുക്കുന്ന തിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ